ഴുത്തുകാരൻ എ പി അഹമ്മദ്, ന്ത രാജൻ, ഷാജി ഇടപ്പള്ളി എ തെരഞ്ഞെടുത്തു. Janayugom 12-11-18, P-7

# വൈഗ കാർഷികമേള ഡിസംബർ 27 മുതൽ തൃശൂരിൽ

തൃശൂർ: സംസ്ഥാനത്തെ മുഴുവൻ കാർഷിക വിഭവങ്ങളുടെയും മുല്യവർദ്ധിത സാധ്യതകൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുകയാണ് വൈഗയുടെ ലക്ഷ്യമെന്നും കഴിഞ്ഞ രണ്ട് വൈഗയിലൂടെ നിരവധി സാങ്കേതിക വിദ്യകൾ കർഷകർക്ക് കൈമാറാൻ കഴിഞ്ഞിട്ടുണ്ടെന്നും കൃഷി മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു.

വാല്യൂ അഡിഷൻ ഫോർ ഇൻകം ജനറേഷൻ ഇൻ അഗ്രികൾച്ചർ എന്നതാണ് വൈഗയുടെ വിശദരൂപം, അതാണ് വൈഗയുടെ ലക്ഷ്യവും; കഴിഞ്ഞ കാലയളവിൽ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഒരു പരിധി വരെ വൈഗയ്ക്ക് കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

തൃശൂർ ആസൂത്രണ ഭവൻ ഓഡിറ്റോറിയത്തിൽ വൈഗ 2018 ന്റെ സ്വാഗതസംഘരൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി വി എസ് സുനിൽകുമാർ. ഡിസംബർ 27 മുതൽ 30 വരെ തൃശൂർ തേക്കിൻകാട് മൈതാനത്താണ് വൈഗ 2018 സംഘടിപ്പിക്കുക. കർഷകരെ, കാർഷിക മൂല്യവർധിത സംരംഭകരാക്കി മാറ്റുകയാണ് വൈഗയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യ അഗ്രോ പാർക്ക് കണ്ണാറ വാഴപ്പഴഗവേഷണ കേന്ദ്രത്തിൽ തുടങ്ങും. തേൻ, വാഴപ്പഴം അടിസ്ഥാനമാക്കിയാണിത്. ഇതിന് അനുമതി ലഭിച്ചു കഴിഞ്ഞു. കേന്ദ്രതോട്ടവിള ഗവേഷണസ്ഥാപനം സംഘടിപ്പിക്കുന്ന കൃഷി ഉന്നതി മേളയും വൈഗയോടൊപ്പം നടക്കുമെന്നും മന്ത്രി പറഞ്ഞു.

സംഘാടകസമിതി ചെയർമാനായി കൃഷി മന്ത്രി വി എസ് സുനിൽകുമാറിനെ തെരഞ്ഞെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ ആണ് മുഖ്യരക്ഷാധികാരി. മന്ത്രിമാരായ എ സി മൊയ്തീൻ, സി രവീന്ദ്രനാഥ്, എം പിമാരായ സി എൻ ജയദേവൻ, ഇന്നസെന്റ്, ഡോ. പി കെ ബിജു, മേയർ അജിത ജയരാജൻ എന്നിവരെ വർക്കിങ് രക്ഷാധികാരികളായി തെരഞ്ഞെടുത്തു. കാർഷികോൽപ്പാദന കമ്മിഷണർ ദേവേന്ദ്രകുമാർ ആണ് ജനറൽ കൺവീനർ. ചെയർമാൻ-കമ്മിറ്റി യഥാക്രമത്തിൽ. കെ രാജൻ എംഎൽഎ-പ്രോഗ്രാം കമ്മിറ്റി, അജിതാ ജയരാജൻ-ഫിനാൻസ്, കൗൺസിലർ സമ്പൂർണ-രജിസ്ട്രേഷൻ, ഗീതാഗോപി എംഎൽഎ-റിസപ്ഷൻ, കാംകോ ചെയർമാൻ പി ബാലചന്ദ്രൻ-ടെക്നിക്കൽ, മുരളി പെരുനെല്ലി എംഎൽഎ-എക്സിബിഷൻ, മുൻ മേയർ എം പി പോൾ-അക്കോമൊഡേഷൻ.